# കേരള കാർഷിക സർവ്വകലാശാല

## ഇൻസ്ട്രക്ഷണൽ ഫാം

No.ഐ.എഫ്./എ3/850/2019 വെള്ളാനിക്കര, തിയ്യതി 01-01-2020

**തെങ്ങ് ദർഘാസ്/ലേല നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാമിലെ ഏകദേശം 150 ഏക്കർ സ്ഥലത്തുള്ള നല്ല കായ്ഫലം തരുന്ന ആയിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒൻപത് (1849) തെങ്ങുകളിൽ നിന്ന് 16-01-2020 മുതൽ 31-12-2020 വരെയുള്ള കാലയളവിലേക്ക് കരിക്കും നാളികേരവും വിളവെടുക്കുവാനുള്ള അവകാശത്തിനായി താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ഇതിനോടൊപ്പം ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ദർഘാസ്/ലേലം ക്ഷണിക്കുന്നു.

ദർഘാസ് ഫോറം 904/- രൂപയ്ക്ക് (800 + ജി.എസ്.ടി (12%) + കേരള ഫ്ളഡ് സെസ്സ് (1%)) 14-01-2020 ന് 4 പി. എം. വരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ 2020 ജനുവരി 15ന് രാവിലെ 11.00 മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. ദർഘാസ്/ ലേലത്തിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യമായി 40,000 രൂപ (നാല്പതിനായിരം രൂപ മാത്രം) കെട്ടിവെക്കേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ള വർക്ക് താല്പര്യമുണ്ടെങ്കിൽ പൊതു ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

15-01-2020ന് രാവിലെ 11.30 മണിയ്ക്ക് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പരസ്യ ലേലം നടത്തുന്നതും തുടർന്ന് ദർഘാസുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള ദർഘാസ്/ ലേലക്കാരന്റെ പേരിൽ ഫാം മേധാവിയുടെ യുക്താനുസരണം ദർഘാസ്/ ലേലം ഉറപ്പിക്കുന്നതാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഫാമിലെ നാളികേര തോട്ടങ്ങൾ 14-01-2020 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകീട്ട് 3 മണി വരെ ഫാം സൂപ്രണ്ടിന്റെ മുൻകൂർ അനുമതിയോടുകൂടി സന്ദർശിക്കാവുന്നതാണ്.

| ലേല സ്ഥലം | ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര |
|---|---|
| ലേല വസ്തു | ഏകദേശം 1849 തെങ്ങുകളിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരം |
| കാലയളവ് | 16.01.2020 – 31.12.2020 |
| ലേല സമയം | 15.01.2020 (ബുധനാഴ്ച) രാവിലെ 11.30 മണി |
| നിരതദ്രവ്യം | 40000/- |

**നിബന്ധനകൾ**

1. ദർഘാസ് തുക വളരെ വ്യക്തമായി അക്ഷരത്തിലും അക്കത്തിലും എഴുതിയിരിക്കണം. ദർഘാസുകൾ പ്രൊഫസ്സർ & ഹെഡ് ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ക്വൊട്ടേഷൻ 15.01.2020-ന് 11.00 മണിക്ക് മുൻപായി ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ എത്തിക്കേണ്ടതാണ്.
3. ക്വൊട്ടേഷൻ കവറിന് പുറത്ത് ''കരിക്ക്, നാളികേരം വിളവെടുക്കുന്നതിനുള്ള ക്വൊട്ടേഷൻ-2020'' എന്ന് വ്യക്തമായി എഴുതിയിരിക്കണം.
4. ഈ കരാർ പ്രകാരം വിളവെടുക്കുന്നതിനുള്ള കാലാവധി 16-01-2020 മുതൽ 31-12-2020 വരെയായിരിക്കും.
5. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് നിർബന്ധമായും ഹാജരാക്കണം.
6. നീര പ്രോജക്ടുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തുന്നതിനായി 50 തെങ്ങുകൾ വിവിധ ബ്ലോക്കുകളിൽ നിന്നായി തിരഞ്ഞെടുത്തിട്ടുണ്ട്. അവ ആവശ്യാനുസരണം ടാപ്പിംഗ് നടത്തുന്നതിനായി ഉപയോഗിക്കുന്നതാണ്.
7. തെങ്ങിന്റെ ദർഘാസ്/ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ തുകയുടെ മൂന്നിൽ ഒരു ഭാഗം അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. ബാക്കി തുക ദർഘാസ് / ലേലം ഉറപ്പിച്ച തിയതി മുതൽ നാലു മാസത്തിനുള്ളിൽ രണ്ട് തുല്യതവണകളായി (16-03-2020, 15-05-2020) അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസ് / ലേലം ഉടനടി റദ്ദു ചെയ്യുന്നതും ദർഘാസ് / ലേലത്തിൽ ഉണ്ടാകുന്ന നഷ്ടം ആദ്യ ദർഘാസ്/ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

Scanned by CamScanner

8. തെങ്ങിന്റെ വിളവെടുപ്പ് ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും ഫാം സൂപ്രണ്ട് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ വിളവെടുപ്പ് നടത്തേണ്ടതുമാണ്. ഓരോ വിളവെടുപ്പിലും തെങ്ങൊന്നിന് ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ പുറത്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.

9. ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം അടച്ച തുക മുഴുവൻ സർവ്വകലാശാലയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുൾപ്പെടെയുള്ള മേൽ നടപടികൾക്ക് വിധേയനാകും.

10. വിളവെടുപ്പ് കാലാവധി തീരുന്നതിന് 90 (തൊണ്ണൂറ്) ദിവസത്തിനുമുമ്പുവരെ മാത്രമേ കരിക്ക് വെട്ടിയെടുക്കുവാൻ പാടുള്ളൂ. ഏഴു മാസത്തിൽ മൂപ്പുകുറഞ്ഞ തേങ്ങകൾ/കരിക്കുകൾ വെട്ടുവാൻ പാടുള്ളതല്ല. മറിച്ച് ചെയ്യുന്നപക്ഷം കരാർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാലക്ക് ശുപാർശ ചെയ്യുന്നതാണ്.

11. വിളവെടുക്കുമ്പോൾ ഫാമിലെ വസ്തുവഹകൾക്കോ, തെങ്ങിലെ ഇടവിളകൾക്കോ, മറ്റു വിളകൾക്കോ കേടുപാടുകൾ വരുത്താൻ പാടില്ല. മറിച്ച് സംഭവിക്കുന്നപക്ഷം ഉണ്ടാകുന്ന നഷ്ടം കരാറുക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

12. ലേലം ഉറപ്പിച്ച് കിട്ടുന്ന ആളിന്റെ നിരതദ്രവ്യം 31.12.2020 ന് ശേഷമേ ഓഫീസിൽ നിന്നും തിരികെ നൽകൂ (നിബന്ധന 11 ബാധകം).

13. ഓരോ ദിവസവും വിളവെടുക്കുന്ന തേങ്ങ അപ്പോൾ തന്നെ ഓഫീസിൽ നിന്നും ഗേറ്റ് പാസ് വാങ്ങി കൊണ്ടുപോകേണ്ടതാണ്. ഫാമിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല. അവധി ദിവസങ്ങളിൽ വിളവെടുപ്പ് അനുവദിക്കുന്നതല്ല.

14. വിളവെടുപ്പ് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലുമായിരിക്കണം. തേങ്ങയും, കരിക്കും വൈകീട്ട് 5 മണിക്ക് ശേഷം ഫാമിൽ നിന്നും കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.

15. വിത്ത് തേങ്ങ/തേങ്ങ/കരിക്ക് എന്നിവ ഫാമിൽ നിന്ന് ആവശ്യപ്പെടുമ്പോൾ അപ്പോഴത്തെ തേങ്ങയുടെ മാർക്കറ്റ് വിലയ്ക്ക് നൽകേണ്ടതാണ്.

16. തെങ്ങിൽ നിന്ന് തേങ്ങ അല്ലാതെ പട്ട, കൊതുമ്പ് പോലുള്ള മറ്റൊരു ഉൽപ്പന്നത്തിനും ലേലം ഉറപ്പിച്ച് കിട്ടുന്ന ആൾക്ക് യാതോരു വിധ അധികാരവും ഉണ്ടായിരിക്കുന്നതല്ല.

17. രൂക്ഷമായ രോഗകീടബാധമൂലമോ ഈ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ വികസന പരിപാടികൾക്ക് വേണ്ടിയോ ഏതെങ്കിലും തെങ്ങുകൾ വെട്ടിമാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശവും, യഥാസമയങ്ങളിൽ വിളപരിപാലനത്തിനും തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനുമുള്ള അവകാശവും ഈ ഓഫീസിന് ഉണ്ടായിരിക്കുന്നതാണ്. ആയത് ലേല വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

18. ലേല സംബന്ധമായ അന്തിമ തീരുമാനമെടുക്കുവാനും ലേലം റദ്ദ് ചെയ്യാനും മാറ്റി വയക്കാനുമുള്ള അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

19. ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ ലേല നിബന്ധനകൾ അടങ്ങിയ ഉടമ്പടി 100/- രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുൻപായി നൽകേണ്ടതാണ്.

20. ഏതെങ്കിലും സാഹചര്യത്തിൽ ലേലം 15.01.2020 ന് നടത്താൻ സാധിക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചയിച്ച സമയത്ത് തന്നെ ലേലം നടത്തുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് 0487-2961457 നമ്പറിലുള്ള ഫോൺ വഴിയോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

Professor & Head,
Instructional Farm, K.A.U.
Vellanikkara, Thrissur-680 656

പ്രൊഫസർ & ഹെഡ്

പകർപ്പ് : നോട്ടീസ് ബോർഡ് ; എ.ആർ.എസ്. മണ്ണുത്തി; ആറ്റിക് , മണ്ണുത്തി; സെൻട്രൽ നഴ്സറി, മണ്ണുത്തി; കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര; എസ്റ്റേറ്റ് ഓഫീസ്, വെള്ളാനിക്കര; പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ; ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര; കെ. എ. യു. വെബ്സൈറ്റ്; സ്റ്റോക്ക് ഫയൽ.

KERALA AGRICULTURAL UNIVERSITY
INSTRUCTIONAL FARM, VELLANIKKARA, THRISSUR-680 656

Scanned by CamScanner